LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കന്ററി ഏകീകരണം

163(4173) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പുകളുടെ ഏകീകരണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏകീകരണത്തിന്റെ ഭാഗമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളടക്കമുള്ള നിലവിലുള്ള ഓഫീസ് സംവിധാനങ്ങൾ പുന:ക്രമീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പുനഃസംഘടനയിൽ നിലവിൽ വരുന്ന പുതിയ ഓഫീസ് സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-സി) 31-5-2019-ലെ സ.ഉ.(കൈ)നമ്പർ 53/2019/പൊ.വി.വ.. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസുകൾ എന്നിവയും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ (മുമ്പുള്ള ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്) നിയന്ത്രണത്തിൽ പ്രവർത്തിക്കാൻ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കണ്ടറി വിഭാഗത്തിനുകൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയി പ്രവർത്തിക്കുന്നതാണ്.

വിദ്യാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ച്

164(4174) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അധ്യയന വർഷം കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി ഭാഗികമായോ പൂർണ്ണമായോ വിദ്യാലയങ്ങളിൽ പഠനം ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വ്യാപനം നിയന്ത്രണ വിധേയമായിട്ടില്ലാത്ത സാഹചര്യത്തിൽ സ്കൂളുകൾ തുറക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.